"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷന്റെ ഹെഡ് ഓഫീസിന്റെ ആധുനികവൽക്കണത്തിനും ഇടുക്കി ജില്ലയിൽ റീജണൽ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കുമായി തുക വിനിയോഗിക്കുന്നതിനു ഭരണാനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.305/2025/SJD തീയതി,തിരുവനന്തപുരം, 07-11-2025

---

പരാമർശം:-

1. കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 23.09.2025-ലെ കെ.എസ്.എച്ച്.പി.ഡബ്ല്യൂ.സി./520/2024-എ.5. നമ്പർ കത്ത്
2. 08.10.2025-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

2025-2026 സാമ്പത്തിക വർഷത്തെ സംസ്ഥാന ധനാഭ്യർത്ഥനയിൽ 4235-02-190-99-പ്ലാൻ എന്ന ശീർഷകത്തിൽ ഭിന്നശേഷിക്ഷേമ കോർപ്പറേഷനായി 5,00,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. കോർപ്പറേഷന്റെ തിരുവനന്തപുരത്തെ ഹെഡ് ഓഫീസിന്റെ (രണ്ടാം നില) നവീകരണത്തിനായും, പ്രസ്തുത കോർപ്പറേഷന്റെ കീഴിൽ ഇടുക്കി ജില്ലയിൽ ഒരു റീജിയണൽ ഓഫീസ് ഇടുക്കി ജില്ലാ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനായുമുള്ള പ്രവർത്തനങ്ങൾക്കായും 1,02,38,000/- രൂപ ടി ശീർഷകത്തിൽ നിന്ന് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം 1-പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

2. പരാമർശം 2-പ്രകാരമുള്ള വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഈ വിഷയം പരിഗണിക്കുകയും ഭരണാനുമതി നൽകാവുന്നതാണെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-2026 സാമ്പത്തിക വർഷം ഭിന്നശേഷിക്ഷേമ കോർപ്പറേഷന് 4235-02-190-99-പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 5,00,00,000/- രൂപയിൽ നിന്നും കോർപ്പറേഷന്റെ തിരുവനന്തപുരത്തെ ഹെഡ് ഓഫീസിന്റെ (രണ്ടാം നില) നവീകരണത്തിനായി 95,17,000 രൂപയും (തൊണ്ണൂറ്റഞ്ചു ലക്ഷത്തി പതിനേഴായിരം രൂപ മാത്രം) ഇടുക്കി ജില്ലയിൽ ഒരു റീജണൽ ഓഫീസ്, ഇടുക്കി ജില്ലാ പഞ്ചായത്ത് ഓഫീസ്

കെട്ടിടത്തിൽ, പ്രവർത്തനം ആരംഭിക്കുന്നതിനായുമുള്ള നവീകരണപ്രവർത്തനങ്ങൾക്കായി 7,21,000/- രൂപയും (ഏഴ് ലക്ഷത്തി ഇരുപത്തൊന്നായിരം രൂപ മാത്രം) ഉൾപ്പെടെ ആകെ 1,02,38,000/- രൂപ (ഒരു കോടി രണ്ട് ലക്ഷത്തി മുപ്പത്തിയെട്ടായിരം രൂപ മാത്രം) വിനിയോഗിക്കുന്നതിന് കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് ഭരണാനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUSAN LOPEZ
ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ചീഫ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (സോഷ്യൽ സർവീസസ് ഡിവിഷൻ), പട്ടം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Vipin S D
സെക്ഷൻ ഓഫീസർ
Date: 07-11-2025 14:32:58

പകർപ്പ്:- ബഹു.ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്